പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 3385

09.04.2013-ൽ മറുപടി
നൽകേണ്ടത്

# ചെങ്ങറയിൽ നിന്നുള്ളവർക്ക് അടിസ്ഥാന സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുടിൽ കെട്ടി താമസിക്കുന്ന ചെങ്ങറയിൽ നിന്നുള്ളവർക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

ചെങ്ങറ പാക്കേജിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിലെ പെരിയയിൽ 166.42 ഏക്കർ ഭൂമി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുകയും ആയതിൽ 360 കുടുംബങ്ങളെ (260 പട്ടികവർഗ്ഗം + 100 മറ്റുള്ളവർ) പുനരധിവസിപ്പിക്കുന്നതിന് കെ.ആർ. നാരായണൻ കോ-ഓപ്പറേറ്റീവ് വില്ലേജ് സെറ്റിൽമെന്റ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 11.37 കോടി രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തുകയും ചെയ്തിരുന്നു.

| | | | |
|---|---|---|---|
| 1. | 360 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് | - | 540.00 ലക്ഷം |
| 2. | സാമൂഹിക സൗകര്യങ്ങളുടെ നിർമ്മാണത്തിന് | - | 85.00 ലക്ഷം |
| 3. | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ | - | 154.00 ലക്ഷം |
| 4. | നടീൽ വസ്തുക്കൾ | - | 45.00 ലക്ഷം |
| 5. | പാലുല്പാദനം | - | 110.00 ലക്ഷം |
| 6. | ഇലക്ട്രിസിറ്റി | - | 28.00 ലക്ഷം |
| 7. | റോഡ് നിർമ്മാണം | - | 25.00 ലക്ഷം |

| | | |
|---|---|---|
| 8. വാട്ടർ സപ്ലൈ | - | 125.00 ലക്ഷം |
| 9. സഹകരണ ഉപജീവന ഉപാധികൾക്ക് | - | 25.00 ലക്ഷം |
| ആകെ | - | **<u>1137.00</u>** <u>ലക്ഷം</u> |

കെ.ആർ. നാരായണൻ കോ-ഓപ്പറേറ്റീവ് വില്ലേജ് സെറ്റിൽമെന്റ് പദ്ധതി പ്രകാരം 50 വീടുകളുടെ പണി പൂർത്തിയാക്കുകയും വൈദ്യുതീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടിൽ കെട്ടി താമസിച്ചിരുന്നവരെ ഇവിടേക്ക് മാറ്റി പാർപ്പിക്കുകയും കുടിവെള്ള പദ്ധതി, പദ്ധതി പ്രദേശത്ത് റോഡ് നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുടെ ഉപജീവനത്തിനായി കാലിവളർത്തൽ, തീറ്റപ്പുൽ കൃഷി, ആശാരിപ്പണി, തയ്യൽ യൂണിറ്റ്, പേപ്പർ പ്ലേറ്റ്, കപ്പ് നിർമ്മാണ യൂണിറ്റ് എന്നിങ്ങനെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭൂമി കൃഷിയോഗ്യമാക്കുന്നതിന് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു.

പദ്ധതിയിൽ ചേരാൻ സമ്മതമില്ലാത്ത കുടുംബങ്ങൾക്ക് ജില്ലയിലെ ചീമേനി, കള്ളാർ, ബഡാജെ എന്നീ വില്ലേജുകളിൽ മിച്ചഭൂമി പതിച്ചു നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ